17

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1218 — 04.12.2014 ൽ മറുപടിക്ക്

## പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അടൂർ പ്രകാശ് (ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചി ട്ടുണ്ടോ; | (എ) പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചി ട്ടുണ്ട്. |
| (ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) 9,50,000/ രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) പുല്ലമ്പാറ വില്ലേജാഫീസ് നിർമ്മാണവു മായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും പ്രസ്തുത ഫയലിൽ എന്ത് തീരുമാന മെടുത്തുവെന്നുമുള്ള വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ; | (സി) കളക്ടറേറ്റ് ഫയൽ നമ്പർ എ 14 81066/12. അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു. ഡിയുടെ അഭിപ്രായത്തിന്റെയടിസ്ഥാ നത്തിൽ പുല്ലമ്പാറ വില്ലേജാഫീസിന് നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റാതെ തന്നെ ആയതിനോട് ചേർന്ന് പുതിയ കെട്ടിടം നിർമ്മിക്കാവുന്ന തരത്തിലുള്ള പ്ലാൻ 21.11.2012 ൽ നെടുമങ്ങാട് തഹസിൽ ദാർക്ക് അയച്ചുകൊടുക്കുകയും, തുടർന്ന് വില്ലേജാഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റാതെ തന്നെ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ നെടുമങ്ങാട് തഹസിൽദാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും 2.1.2013-ൽ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗം പലതവണ ടെണ്ടർ വിളിച്ചെങ്കിലും ആരും ടെണ്ടർ ഏറ്റെടുക്കാൻ തയ്യാറായില്ല എന്നതിനാ ലാണ് കെട്ടിട നിർമ്മാണം ആരംഭിക്കാത്തത്. |

| | | |
|---|---|---|
| ഡി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | ഡി) നിർമ്മാണ ചുമതല പൊതുമരാമത്ത് കെട്ടിട വിഭാഗത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ